നം.ഇ.എക്സ്/എച്ച്-4/16145/2017/സി.ജി.ഇ

പരീക്ഷാകമ്മിഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം - 12
തീയതി: 24/10/2017

# സർക്കുലർ I

വിഷയം:- പൊ.വി.-പരീക്ഷാ ഭവൻ - സംസ്കൃതം/അറബിക്/ഉർദു അധ്യാപക പരീക്ഷ നവംബർ 2017 - സംബന്ധിച്ച്.

സൂചന:- പരീക്ഷാ കമ്മീഷണറുടെ ഇതേ ഫയൽ നമ്പർ പ്രകാരമുള്ള 25.07.2017 തീയതിയിലെ പരീക്ഷാ വിജ്ഞാപനം.

എൽ.പി./യു.പി. വിഭാഗങ്ങളിലെ അറബിക്/സംസ്കൃതം/ഉർദു ഭാഷാധ്യാപക യോഗ്യതയ്ക്കായി പരീക്ഷാ കമ്മീഷണർ നടത്തുന്ന യോഗ്യതാ പരീക്ഷ 2017-18 അധ്യായന വർഷം 2017 നവംബർ മാസം നടത്തുന്നതിലേക്കായി പരീക്ഷാ കേന്ദ്രങ്ങൾ മുഖേന നിശ്ചിത യോഗ്യതയുള്ളവരിൽ നിന്നും സൂചന പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു. ലഭിച്ച അപേക്ഷകൾ ഈ ഓഫീസിൽ വിശദമായി പരിശോധിക്കുകയും നിശ്ചിത തീയതിക്കുശേഷം ഫീസ് ഒടുക്കിയത്/നിശ്ചിത വിദ്യാഭ്യാസ യോഗ്യതയില്ലാത്തത്/വിദ്യാഭ്യാസയോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കാത്തത്/പരീക്ഷാ സെന്റർ മുഖേനയല്ലാതെ ലഭിച്ചത് എന്നിങ്ങനെയുള്ള അപാകതകൾ കണ്ടെത്തിയ അപേക്ഷകൾ ഒഴിവാക്കി പരീക്ഷയ്ക്ക് പരിഗണിക്കാൻ യോഗ്യതയുള്ള അപേക്ഷകരെ ഉൾക്കൊള്ളിച്ചു തയ്യാറാക്കിയ ക്യാൻഡിഡേറ്റ് ലിസ്റ്റും ഹാൾടിക്കറ്റും ഇതോടൊപ്പം നൽകുന്നു. ഹാൾ ടിക്കറ്റുകൾ 27.10.2017 വെള്ളിയാഴ്ച മുതൽ വിതരണം ചെയ്യുന്നതിനും, അധ്യാപക പരിശീലനത്തിനായി അനുവദിച്ചു നൽകിയ സെന്ററിൽ 30/10/2017 തിങ്കളാഴ്ച രാവിലെ 10 മണിക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വിദ്യാർത്ഥികൾക്ക് നിർദ്ദേശം നൽകുന്നതിനും ചീഫ് സൂപ്രണ്ട് (സ്കൂൾ പ്രധാനാദ്ധ്യാപകൻ) നെ ചുമതലപ്പെടുത്തുന്നു. അധ്യാപക പരിശീലനത്തിനായി അനുവദിച്ചു നൽകിയ സെന്റർ മാറ്റി ലഭിക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ പരീക്ഷാസെന്ററിൽ നിന്നു തന്നെ നിരസിച്ചു നൽകേണ്ടതാണ്.

ഒപ്പ്/
**സെക്രട്ടറി**

പകർപ്പ്.

1. ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
2. എല്ലാ പരീക്ഷാ സെന്റർ ചീഫ് സൂപ്രണ്ടർമാർക്കും. (പരീക്ഷാഭവനിൽ നിന്നും നിയോഗിച്ച പ്രത്യേക ദൂതൻ മുഖേന ക്യാൻഡിഡേറ്റ് ലിസ്റ്റും ഹാൾടിക്കറ്റും ഇതോടൊപ്പം നൽകുന്നു. ഹാൾടിക്കറ്റിൽ ചീഫ് സൂപ്രണ്ടിന്റെ ഒപ്പ്/സീൽ എന്നിവ പതിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്).
3. എ2 സെക്ഷൻ
4. ഓഫീസ് കോപ്പി.